**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചിട്ടുള്ള പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റഡി മർദ്ദനവും മറ്റ് ശാരീരിക മാനസിക പീഡനങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ എത്രയാണെന്ന് വർഷവും പരാതിയുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | **മുൻ സർക്കാരിന്റെയും നിലവിലുള്ള സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റഡി മർദ്ദനവും മറ്റ് ശാരീരിക മാനസിക പീഡനങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളുടെ വിവരം ചുവടെ ചേർക്കുന്നു.** |

| വർഷം | എണ്ണം | പരാതിയുടെ ഇനം |
|---|---|---|
| 2017 | 1 | മാനസിക പീഡനം |
| 2019 | 2 | കസ്റ്റഡി മർദ്ദനം |
| 2020 | 2 | ശാരീരിക പീഡനം |
| 2022 | 2 | കസ്റ്റഡി മർദ്ദനം |
| 2023 | 1 | കസ്റ്റഡി മർദ്ദനം |
| 2024 | 6 | കസ്റ്റഡി മർദ്ദനം |
| 2025 | 6 | കസ്റ്റഡി മർദ്ദനം |
| | 1 | മാനസിക പീഡനം |

| | | | |
|---|---|---|---|
| (ബി) | ഇക്കാലയളവിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ ഇരിക്കെ മരണപ്പെട്ട സംഭവങ്ങൾ എത്ര എണ്ണമാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) | **2020 വർഷത്തിൽ റാന്നി ഡിവിഷനിൽ തെളിവെടുപ്പിനിടെ കിണറ്റിൽ വീണ് ഒരാൾ മരണപ്പെട്ടു.** |
| (സി) | കസ്റ്റഡി മരണം, കസ്റ്റഡി പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ നാളിതുവരെ നടപടി പൂർത്തിയാക്കിയിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) | **കസ്റ്റഡി മരണം, കസ്റ്റഡി പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ 2022-ലെ 2 പരാതികളിലും, 2024-ലെ 1 പരാതിയിലും, 2025-ലെ 4 പരാതികളിലും, നടപടി പൂർത്തീകരിച്ചിട്ടുള്ളതാണ്. 8 പരാതികൾ വ്യാജമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. 1 പരാതി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലും, മറ്റ് പരാതികളിൽ അന്വേഷണം നടന്നുവരികയുമാണ്.** |
| (ഡി) | ഇക്കാലയളവിൽ ഇപ്രകാരമുള്ള കേസുകളിൽ ഉൾപ്പെട്ട കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ | (ഡി) | 2020 വർഷത്തിൽ തെളിവെടുപ്പിനിടെ കിണറ്റിൽ വീണ് മരണപ്പെട്ട കേസിൽ തിരുവനന്തപുരം സി.ബി.ഐ. കോടതിയിൽ വിചാരണ നടപടികൾ |

| | | | |
|---|---|---|---|
| | അറിയിക്കുമോ; ശിക്ഷാ നടപടികളുടെ ഭാഗമായി എത്ര ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | | ആരംഭിച്ചിട്ടുള്ളതാണ്. 2022-ൽ ലഭിച്ച ഒരു പരാതിയുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമാനുസൃതം തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആരേയും സർവ്വീസിൽ നിന്ന് നാളിതുവരെ നീക്കം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ